**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4384** **01-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ട്രഷറികളിൽ നിന്നുള്ള പണാപഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-മുതൽ സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്ന തട്ടിപ്പുകളുടെയും ക്രമക്കേടുകളുടെയും വിശദവിവരം ലഭ്യമാക്കാമോ; | (എ) | 2016-മുതൽ സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്ന തട്ടിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്നിട്ടുള്ള ക്രമക്കേടുകളും തട്ടിപ്പുകളുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടിക്ക് വിധേയരായ ജീവനക്കാരുടെ വിശദാംശവും അവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ട്രഷറികളിൽ നടന്ന തട്ടിപ്പുകളും സാമ്പത്തിക ക്രമക്കേടുകളും മൂലം സർക്കാരിന് ധനനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (സി) | മേൽ പരാമർശിച്ചിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർക്കാരിന് ആകെ 49,28,782/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 3,54,300/- രൂപ സർക്കാർ അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കി 45,74,482/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തട്ടിപ്പുകളും സാമ്പത്തിക ക്രമക്കേടുകളും കാരണം നിക്ഷേപകർക്കോ മറ്റ് വ്യക്തികൾക്കോ ധനനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ഡി) | മേൽ പരാമർശിച്ചിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് ആകെ 33,14,492/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിൽ 16,64,500/-രൂപ ഇടപാടുകാർക്ക് ഇതിനോടകം തന്നെ തിരികെ നൽകിയിട്ടുണ്ട്. 7,85,336/-രൂപ പണാപഹരണം നടത്തിയ ജീവനക്കാരൻ സർക്കാർ അക്കൗണ്ടിൽ ടി തുക തിരികെ ഒടുക്കിയിട്ടുണ്ട്. ആയത് ഇടപാടുകാർക്ക് ഉടൻ തിരികെ നൽകുന്നതാണ്. ബാക്കി 8,82,656/- രൂപ ഇടപാടുകാർക്ക് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ട്രഷറി ജീവനക്കാർ നടത്തിയതായ പണാപഹരണ കേസുകളിൽ അപഹരിപ്പെട്ടതായ തുക പ്രസ്തുത ജീവനക്കാരിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ഇ) | ട്രഷറി ജീവനക്കാർ ക്രമക്കേട് നടത്തി അപഹരിച്ച തുകയിൽ 26,64,136/-രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. അതോടൊപ്പം 5,49,403/- രൂപ ക്രമക്കേട് നടത്തിയ ജീവനക്കാരനിൽ നിന്നും |

| | | | |
|---|---|---|---|
| | | | പിഴപ്പലിശയിനത്തിൽ ഈടാക്കി സർക്കാർ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. |
| (എഫ്) | സംസ്ഥാനത്തെ ട്രഷറികളിൽ ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (എഫ്) | സംസ്ഥാനത്തെ ട്രഷറികളിൽ ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട് ട്രഷറികളിൽ TSB/PTSB എന്നീ വ്യക്തിഗത ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ട് / അക്കൗണ്ടുകൾ നിലവിലുള്ളതും KYCയിൽ ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർത്തിട്ടുള്ളതുമായ എല്ലാ വ്യക്തികൾക്കും ഓൺലൈൻ ബാങ്കിംഗ് രജിസ്ട്രേഷന് ആരംഭിക്കാവുന്നതും തുടർന്ന് രജിസ്റ്റേഡ് മൊബൈൽ ഫോണിൽ ലഭ്യമാകുന്ന പാസ്സ്‌വേർഡ് ഉപയോഗിച്ച് ടി വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ട്രഷറി ഓൺലൈൻ ബാങ്കിംഗ്ട്രാൻസാക്ഷനുകൾ നടത്താവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2016-ൽ കാട്ടാക്കട** ജില്ലാ ട്രഷറിയിൽ നിന്ന് 3,54,300/- രൂപ സ്വന്തം അക്കൗണ്ടിലേയ്ക്ക് അനധികൃതമായി ക്രെഡിറ്റ് ചെയ്ത സീനിയർ അക്കൗണ്ടന്റ് ശ്രീ.ആർ.പി.ബിനോജ്കുമാർ -നെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാനെ ജൂനിയർ അക്കൗണ്ടന്റായി തരംതാഴ്ത്തുകയുംചെയ്തിട്ടുണ്ട്. ടിയാൻ അപഹരിച്ച പണം സർക്കാർ അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ടിയാനെതിരെ CC 2032/2017 നമ്പർ കേസ് നിലവിൽ വിചാരണയിലാണ്.

**2017-ൽ കൊടുവള്ളി** സബ് ട്രഷറിയിൽ 44 ലക്ഷം രൂപയുടെ നിരോധിത നോട്ടുകൾ ട്രഷറിയുടെ പേരിൽ ഏജൻസി ബാങ്കിലൊടുക്കി പുതുതായി നിലവിൽ വന്ന നോട്ടുകൾ കൈക്കലാക്കിയ ജൂനിയർ അക്കൗണ്ടന്റ് ശ്രീ.കെ.പി.രാജീവിനും സബ് ട്രഷറി ഓഫീസർ ശ്രീമതി.എം.നെജിമയ്ക്കും എതിരെ വകുപ്പുതല അച്ചടക്ക നടപടിസ്വീകരിക്കുകയും സർവ്വീസിൽ നിന്ന് ഡിസ്മിസ് ചെയ്യുകയുമുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് സീനിയർ അക്കൗണ്ടന്റ് ശ്രീ.കെ.അബ്ദുൾ മുനീർ -ന്റെ ഒരു ഇൻക്രിമെന്റും, ഓഫീസ് അറ്റൻഡന്റ് ശ്രീ.കെ.കെ.ബാബുരാജ് -ന്റെ മൂന്ന് ഇൻക്രിമെന്റുകളും സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് ടി ജീവനക്കാർക്കെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കുകയുമുണ്ടായി.

**2018-ൽ ചങ്ങരംകുളം, പൊന്നാനി സബ് ട്രഷറികളിൽ** ക്രമക്കേട് നടത്തിയ ചങ്ങരംകുളം സബ് ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റ് കെ. സന്തോഷിനെ സസ്പെന്റ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നതിനിടയിൽ ടിയാൻ മരണപ്പെടുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് സബ് ട്രഷറി ഓഫീസർമാരായ ശ്രീമതി.സന്ധ്യ.പി.നായർ, ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ.പി.അനിൽകുമാർ, ശ്രീ.കെ.ഗിരീഷ് കുമാർ സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റുമാരായ ശ്രീ.പി.കെ.മൻസൂർ അലി, ശ്രീ.എ.പി.ശങ്കരനാരായണൻ, സീനിയർ അക്കൗണ്ടന്റായ ശ്രീ.ടി.ആർ.ശ്രീജിത്ത് എന്നിവരുടെ രണ്ട് ഇൻക്രിമെന്റുകൾ വീതം സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടും സീനിയർ അക്കൗണ്ടന്റുമാരായ ശ്രീ.രാജേഷ്.ആർ, ശ്രീമതിപി.കെ.ലിജി, ശ്രീ.പി.പി.വിജയകൃഷ്ണൻ എന്നിവർക്ക് CENSURE നൽകിയും STO ആയ ശ്രീമതി.പി.ഹേമലതയുടെ പെൻഷനിൽ നിന്ന് നിശ്ചിത തുക ഈടാക്കിയും ടി ജീവനക്കാർക്കെതിരായ വകുപ്പുതല അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. കെ.സന്തോഷ് അപഹരിച്ച പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

2019-ൽ **ചേലക്കര സബ് ട്രഷറി**യിൽ വ്യാജ ചെക്ക് ഉപയോഗിച്ച് ക്രമക്കേട് നടത്തി ടി ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീ.ടി.വി.അജിത് കുമാർ 1,40,000/-രൂപ അപഹരിക്കുകയുണ്ടായി. ടി കേസുമായി ബന്ധപ്പെട്ട് ടിയാനെ അറസ്റ്റ് ചെയ്യുകയും ടിയാനെ സർവ്വീസിൽ നിന്ന് ഡിസ്മിസ് ചെയ്യുകയുമുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് സബ് ട്രഷറി ഓഫീസർ ശ്രീ തോമസ് ജോണിന് CENSURE നൽകി അച്ചടക്ക നടപടി തീർപ്പാക്കുകയുണ്ടായി. ശ്രീ.ടി.വി.അജിത് കുമാർ സർക്കാർ ഖജനാവിൽ നിന്ന് അപഹരിച്ച തുക ഈടാക്കുന്നതിലേയ്ക്കായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2020-ൽ **വഞ്ചിയൂർ സബ് ട്രഷറി**യിൽ ക്രമക്കേട് നടത്തി 43,49,282/-രൂപ അപഹരിച്ചതുമായി ബന്ധപ്പെട്ട് സീനിയർ അക്കൗണ്ടന്റ് ശ്രീ.എം.ആർ.ബിജുലാലിനെ പോലീസ് അറസ്റ്റ് ചെയ്യുകയും ടിയാനെ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്യുകയുമുണ്ടായി. ടിയാൻ അപഹരിച്ച പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നിലവിൽ ടി കേസ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റ് VC 07/2022/TVM നമ്പരായി രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരികയാണ്.

2021-ൽ **കണ്ണൂർ ജില്ലാ ട്രഷറി**യിൽ ക്രമക്കേട് നടത്തിയ സീനിയർ അക്കൗണ്ടന്റ്, ശ്രീ.നിതിൻ രാജ് ചെല്ലേട്ടനെ അറസ്റ്റ് ചെയ്യുകയും സർവ്വീസിൽ നിന്ന് ഡിസ്മിസ് ചെയ്യുകയുമുണ്ടായി. സർക്കാരിന് നഷ്ടമായ തുകയും ആയതിന്റെ 18% പിഴപ്പലിശയുമുൾപ്പെടെ ടിയാൻ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.

2021-ൽ തന്നെ **കരുവാരക്കുണ്ട് സബ് ട്രഷറി**യിലെ അക്കൗണ്ടുകളിൽ ക്രമക്കേട് നടത്തിയ ഓഫീസ് അറ്റൻഡന്റ് ശ്രീ.വി.ടി.പ്രകാശിനെ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്യുകയുണ്ടായി. ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച്, ടിയാനെ ഡിസ്മിസ് ചെയ്തുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് സർവ്വീസിൽ പുനപ്രവേശിപ്പികുകയുണ്ടായി. ടി കേസിൽ വീഴ്ച വരുത്തിയ ജൂനിയർ സൂപ്രണ്ട് ശ്രീ.റ്റി.എച്ച്.ഇബ്രാഹിം, ജൂനിയർ അക്കൗണ്ടന്റ് ശ്രീ.ഇ.എ.സമീറലി എന്നിവർക്കെതിരെ വകുപ്പതല അച്ചടക്ക നടപടിസ്വീകരിച്ച് CENSURE നൽകി തീർപ്പാക്കിയിട്ടുണ്ട്.

2022-ൽ **നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറി**യിൽമരണപ്പെട്ട ഒരു പെൻഷണറുടെ പേരിൽ അനധികൃതമായി ചെക്ക് ബുക്ക് ഇഷ്യൂ ചെയ്ത് ആയത് ഉപയോഗിച്ച് 2,43,200/-രൂപ അപഹരിച്ചതുമായി ബന്ധപ്പെട്ട് ജൂനിയർ സൂപ്രണ്ട് ശ്രീ.ആർ.യു.അരുണിനെ പോലീസ് അറസ്റ്റ് ചെയ്യുകയും തുടർന്ന് ടിയാൻ സസ്പെൻഷനിലിരിക്കെ മരണപ്പെടുകയുമുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ ക്രൈം 619/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിലിരിക്കുകയാണ്. ടി കേസിലെ പ്രധാന കുറ്റാരോപിതനായ ശ്രീ.ആർ.യു.അരുണിന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും സർക്കാരിന് നഷ്ടപ്പെട്ട തുകതിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.ടി കേസിൽ സീനിയർ അക്കൗണ്ടന്റ് ശ്രീമതി എ.ആർ. നിഷയുടെഒരു ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെയും ട്രഷറർ ശ്രീ.ടി.എ.അബ്ദുൾ റസാഖിന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ആറ് മാസത്തേയ്ക്കും ജൂനിയർ അക്കൗണ്ടന്റ് ശ്രീമതി ടി.എ.ജസ്നയുടെ ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടും ജൂനിയർ അക്കൗണ്ടന്റ് ശ്രീ.ഡി.എൽ.വിനോദ്, സീനിയർ അക്കൗണ്ടന്റ്മാരായ ശ്രീമതിആർ.ഒ.രാജി, ശ്രീമതി എം.എസ്.സുനിത, ജൂനിയർ സൂപ്രണ്ട് ശ്രീമതികെ.പി.റീന എന്നിവർക്ക് CENSURE നൽകിയും അച്ചടക്ക നടപടിതീർപ്പാക്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് STO ആയി വിരമിച്ച ശ്രീ.ഗിരീശകുമാർ, ശ്രീ.മണി എന്നിവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

2022-ൽ **ശാസ്താംകോട്ട സബ് ട്രഷറി**യിൽ 12,00,000/-രൂപ അപഹരിച്ചതുമായി ബന്ധപ്പെട്ട് റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് ശ്രീ.സി.ചന്ദ്രമോഹനനെ പോലീസ് അറസ്റ്റ് ചെയ്യുകയും തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടിസ്വീകരിച്ചു വരികയുമാണ്. നഷ്ടപ്പെട്ട തുക ടിയാൻ അക്കൗണ്ടുടമയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ശാസ്താംകോട്ട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 248/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. ടി കേസിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ല.

2022-ൽ **പത്തനംതിട്ട ജില്ലാ ട്രഷറി**യിൽ ഒരു വ്യാജ അക്കൗണ്ട് തുടങ്ങി ആയതിൽ ഒരു പെൻഷണറുടെ സ്ഥിര നിക്ഷേപവും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ തുകകളും ഉൾപ്പെടെ 8,13,000/- രൂപ ട്രാൻസ്ഫർ ചെയ്ത് പിൻവലിച്ചതുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാ ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റായ ശ്രീ.സി.ടി.ഷഹീറിനെ സർവ്വീസിൽ നിന്ന് ഡിസ്മിസ് ചെയ്യുകയുമുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ക്രൈം ബ്രാഞ്ച് DYSP 137/2022 ക്രൈം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.ടി കേസിൽ, ജൂനിയർ സൂപ്രണ്ട്

ശ്രീ.കെ.ജി.ദേവരാജൻ്റെ മൂന്ന് ഇൻക്രിമെൻ്റുകൾ സഞ്ചിതഫലത്തോടെയും ജൂനിയർ സൂപ്രണ്ട് ശ്രീ.റെഞ്ചി കെ.ജോൺ, ജൂനിയർ അക്കൗണ്ടൻ്റ് ശ്രീ.ആരോമൽ അശോകൻ എന്നിവരുടെ രണ്ട് ഇൻക്രിമെൻ്റുകൾ സഞ്ചിതഫലത്തോടെയും ജൂനിയർ അക്കൗണ്ടൻ്റ് ശ്രീ.വി.വിഷ്ണുവിൻ്റെ ഒരു ഇൻക്രിമെൻ്റ് സഞ്ചിതഫലത്തോടെയും ശ്രീ.സുദർശനൻ്റെ രണ്ട് ഇൻക്രിമെൻ്റുകൾ സഞ്ചിതഫലത്തോടെയല്ലാതെയും ജൂനിയർ അക്കൗണ്ടൻ്റ് ശ്രീമതി എസ്.ദിവ്യയുടെ ഒരു ഇൻക്രിമെൻ്റ് സഞ്ചിതഫലത്തോടെയല്ലാതെയും സീനിയർ അക്കൗണ്ടൻ്റ് ശ്രീമതി ആർ.രെഞ്ജുവിൻ്റെ ഒരു ഇൻക്രിമെൻ്റ് ആറ് മാസത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെയും സീനിയർ അക്കൗണ്ടൻ്റുമാരായ ശ്രീമതി എൻ.ഡി.ദിവ്യ , ശ്രീമതി ചിന്നു സൂസൻ ചെറിയാൻ , ശ്രീമതി മഞ്ജുഷ റാണി , സബ് ട്രഷറി ഓഫീസർ ശ്രീമതി മിനി മത്തായി, ജൂനിയർ സൂപ്രണ്ട് ശ്രീമതി എം.എൻ.പ്രിയ, ട്രഷറർ ശ്രീ.എബിസൺ ആൻ്റണി എന്നിവർക്ക് CENSURE നൽകിയും ടി ജീവനക്കാർക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കുകയുണ്ടായി. ടി കേസിൽ സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരികയാണ്.

**കഴക്കൂട്ടം സബ് ട്രഷറി**യിലെ നിലവിലുള്ള നാല് PTSB അക്കൗണ്ടുകളിലേയ്ക്ക് വ്യാജ ചെക്ക് ബുക്കുകൾ ഇഷ്യൂ ചെയ്ത് ആയതിലെ ചെക്ക് ലീഫുകൾ ദുരുപയോഗം ചെയ്ത് 2024 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ 15,10,000/- രൂപ അപഹരിക്കുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് കഴക്കൂട്ടം സബ് ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.എൻ.എസ്.ശാലി, സീനിയർ അക്കൗണ്ടൻ്റ് ശ്രീ.ബി.ഗിരീഷ് കുമാർ, ജൂനിയർ അക്കൗണ്ടൻ്റുമാരായ ശ്രീ.എൻ.ഷാജഹാൻ, ശ്രീ.എസ്.വിജയരാജ്, ട്രഷറർ ശ്രീ.എം.മുജീബ്, തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി എസ്.എസ്.സുജ (കഴക്കൂട്ടം സബ് ട്രഷറിയിലെ മുൻ ജൂനിയർ സൂപ്രണ്ട്) എന്നീ 6 ജീവനക്കാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച് കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രണ്ട് FIR-കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ ജൂനിയർ അക്കൗണ്ടൻ്റ് ശ്രീ.എസ്.വിജയരാജിനെ പോലീസ് അറസ്റ്റ് ചെയ്യുകയും ടിയാൻ റിമാൻ്റിൽ തുടരുകയുമാണ്. പോലീസ് / വകുപ്പുതല നടപടികൾ ഊർജ്ജിതമായി മുന്നോട്ടുപോകുന്നു.

**സെക്ഷൻ ഓഫീസർ**